**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4759** **02-07-2024 - ൽ മറുപടിയ്ക്ക്**

**തെക്കേക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിനു പകരം സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ തെക്കേക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിനു പകരം സംവിധാനം ഒരുക്കുന്നതിനും ആർ.എം.പി. തോടിന്റെ പുനരുദ്ധാരണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തെക്കേക്കടവ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ എൽ. പി ജി സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും മൂലം പുതുവൈപ്പിലും സമീപപ്രദേശങ്ങളിലും താമസിച്ചിരുന്ന മത്സ്യത്തൊഴിലാളികൾ മൽസ്യബന്ധന പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള തെക്കെക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ മൽസ്യബന്ധനയാനങ്ങളുടെ സുരക്ഷിതമായ ലാന്റിംഗ് പ്രവർത്തനങ്ങൾക്ക് തടസം നേരിട്ട സാഹചര്യത്തിൽ തെക്കെക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പകരമായി RMP തോടിനു സമീപം അഴിമുഖത്തു നിന്ന് 900 മീറ്റർ ഉള്ളിലായി 20 മീറ്റർ x 10 മീറ്റർ വിസ്തൃതിയിൽ ഷെഡ് ഉൾപ്പെടെ 600m2 സ്ഥലം അനുവദിച്ച് ലഭ്യമാക്കുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി സമ്മതിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് മൽസ്യബന്ധനവള്ളങ്ങൾ അടുപ്പിക്കുന്നതിന് ബുദ്ധിമുട്ടാണെന്ന് സർക്കാരും ഫിഷറീസ് വകുപ്പും പ്രശ്നപരിഹാരത്തിനായി സംഘടിപ്പിച്ച യോഗങ്ങളിൽ പല തവണ അഭിപ്രായപ്പെട്ടു. തെക്കേക്കടവ് ഫിഷ് ലാന്റിംഗ് പ്രദേശത്തെ ഡ്രഡ്ജിംഗ് പ്രവർത്തികൾ നടത്തിവന്ന സാഹചര്യത്തിൽ മൽസ്യബന്ധന യാനങ്ങളുടെ സുരക്ഷിതമായ ലാന്റിംഗിന് തടസ്സം വന്നതിനാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി നൽകാമെന്ന് സമ്മതിച്ച നിർദ്ദിഷ്ട സ്ഥലം ലഭ്യമാക്കണമെന്ന് മൽസ്യത്തൊഴിലാളികൾ വീണ്ടും ആവശ്യപ്പെട്ടു. നിർദ്ദിഷ്ട പ്രദേശത്ത് എത്തിച്ചേരുന്നതിന് തോടിന് ആഴം വർദ്ധിപ്പിക്കുന്നതാണ് എന്ന് സമ്മതപത്രം ലഭിക്കുന്ന മുറക്ക് സ്ഥലം വിട്ടുനൽകുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി അറിയിച്ചിരുന്നു. RMP |

| | | | |
|---|---|---|---|
| | | | തോട് ആഴം വർദ്ധിപ്പിക്കേണ്ടത് നഷ്ടപരിഹാരം ഇനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റിയുടെ ഉത്തരവാദിത്തം ആണെന്നും ആയതിനാൽ പ്രവർത്തി കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി സ്വന്തം ചെലവിൽ ചെയ്യണമെന്ന് വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ട്. 03/08/2019 തീയതി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം -I ആയും 23/06/2023- ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പിന്റെ പകർപ്പ് അനുബന്ധം- II ആയും ചേർക്കുന്നു. യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഈ സംബന്ധിച്ച് ഫിഷറീസ് വകുപ്പും കൊച്ചിൻ പോർട്ട് അതോറിറ്റിയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡും 03.08.2019, 23.06.2023 തീയതികളിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | തെക്കേക്കടവ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ എൽ. പി ജി സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും മൂലം പുതുവൈപ്പിലും സമീപപ്രദേശങ്ങളിലും താമസിച്ചിരുന്ന മത്സ്യത്തൊഴിലാളികൾ മൽസ്യബന്ധന പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള തെക്കെക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ മൽസ്യബന്ധനയാനങ്ങളുടെ സുരക്ഷിതമായ ലാന്റിംഗ് പ്രവർത്തനങ്ങൾക്ക് തടസം നേരിട്ട സാഹചര്യത്തിൽ തെക്കെക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പകരമായി RMP തോടിനു സമീപം അഴിമുഖത്തു നിന്ന് 900 മീറ്റർ ഉള്ളിലായി 20 മീറ്റർ x 10 മീറ്റർ വിസ്തൃതിയിൽ ഷെഡ് ഉൾപ്പെടെ 600m2 സ്ഥലം അനുവദിച്ച് ലഭ്യമാക്കുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി സമ്മതിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് മൽസ്യബന്ധനവള്ളങ്ങൾ അടുപ്പിക്കുന്നതിന് ബുദ്ധിമുട്ടാണെന്ന് സർക്കാരും ഫിഷറീസ് വകുപ്പും പ്രശ്നപരിഹാരത്തിനായി സംഘടിപ്പിച്ച യോഗങ്ങളിൽ പല തവണ അഭിപ്രായപ്പെട്ടു. തെക്കേക്കടവ് ഫിഷ് ലാന്റിംഗ് പ്രദേശത്തെ ഡ്രഡ്ജിംഗ് പ്രവർത്തികൾ നടത്തിവന്ന സാഹചര്യത്തിൽ മൽസ്യബന്ധന യാനങ്ങളുടെ സുരക്ഷിതമായ ലാന്റിംഗിന് തടസ്സം വന്നതിനാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി നൽകാമെന്ന് സമ്മതിച്ച നിർദ്ദിഷ്ട സ്ഥലം ലഭ്യമാക്കണമെന്ന് മൽസ്യത്തൊഴിലാളികൾ വീണ്ടും ആവശ്യപ്പെട്ടു. നിർദ്ദിഷ്ട പ്രദേശത്ത് എത്തിച്ചേരുന്നതിന് തോടിന് ആഴം വർദ്ധിപ്പിക്കുന്നതാണ് എന്ന് സമ്മതപത്രം ലഭിക്കുന്ന മുറക്ക് സ്ഥലം വിട്ടുനൽകുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി അറിയിച്ചിരുന്നു. RMP തോട് ആഴം വർദ്ധിപ്പിക്കേണ്ടത് നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | ഇനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റിയുടെ ഉത്തരവാദിത്തം ആണെന്നും ആയതിനാൽ പ്രവർത്തി കൊച്ചിൻ പോർട്ട് ട്രസ്റ്റ് അതോറിറ്റി സ്വന്തം ചെലവിൽ ചെയ്യണമെന്ന് വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ട്. 03/08/2019 തീയതി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം -I ആയും 23/06/2023- ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പിന്റെ പകർപ്പ് അനുബന്ധം- II ആയും ചേർക്കുന്നു. യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം കണക്കിലെടുത്ത് സംയുക്ത യോഗം വിളിച്ചു ചേർക്കുന്നതിനായി 05.12.2023-ന് ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (സി) | ബഹു. എം.എൽ.എ യുടെ 05/12/2023 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20/11/2023- ന് യോഗം ചേർന്നിട്ടുണ്ട്. യോഗത്തിലെടുത്ത തീരുമാനങ്ങളിലെ തുടർനടപടികൾ സംബന്ധിച്ച് ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

**03/08/2019-ന് എറണാകുളം ഗസ്റ്റ്ഹൗസിൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി.ജെ.മേഴ്സിക്കുട്ടിയമ്മ അവർകളുടെ അദ്ധ്യക്ഷതയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ആർ.എം.പി കനാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൂടിയ യോഗത്തിൻറെ മിനിറ്റ്സ്.**

ഹാജർ:

1. ശ്രീമതി.ജെ.മേഴ്സിക്കുട്ടിയമ്മ, ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി.
2. ശ്രീ.എസ്.ശർമ്മ, ബഹു. വൈപ്പിൻ എം.എൽ.എ.
3. ശ്രീ.കെ.കെ.ജോഷി, പ്രസിഡൻറ്, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്.
4. ശ്രീ.കെ.കെ.ഉണ്ണികൃഷ്ണൻ, പ്രസിഡൻറ്, എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്.
5. ശ്രീ.എം.ആർ.ആൻറണി, എടവനക്കാട് ബ്ലോക്ക് പഞ്ചായത്ത്.
6. ശ്രീ.പി.കെ.ഷെയ്ക്ക് പരീത്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ.
7. ശ്രീ.ദിനേഷ് കുമാർ, ഡെപ്യൂട്ടി കളക്ടർ, എറണാകുളം.
8. ശ്രീ.അനിൽ കുമാർ, ചീഫ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് വകുപ്പ്.
9. ശ്രീ.കൃഷ്ണൻ.ബി.റ്റി.വി, ചീഫ് എൻജിനീയർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ.
10. ശ്രീ.ജി.വൈദ്യനാഥൻ, ചീഫ് എൻജിനീയർ, സി.ഇ.പി.റ്റി.
11. ശ്രീ.ധനപാണ്ഡ്യൻ, ജനറൽ മാനേജർ, ഐ.ഒ.സി.എൽ.
12. ശ്രീ.ഫിലിപ്പ് ചെറിയാൻ, ഡി.ജി.എം, ബി.പി.സി.എൽ, കൊച്ചിൻ റിഫൈനറി
13. ശ്രീ. ജോജി പോൾ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്.
14. ശ്രീമതി.വിജി.കെ.തട്ടാംപുറം, അസി.എക്സി.എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് വകുപ്പ്.
15. ശ്രീ.സജി, ഡയറക്ടർ ഓഫ് ഫിഷറീസ്, എറണാകുളം.
16. ശ്രീ.എം.പി.സുനിൽ കുമാർ, അസി.എക്സി.എൻജിനീയർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ.
17. ശ്രീ. സുനിൽ കുമാർ.കെ.എ, അസി.എക്സി.എൻജിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ, എറണാകുളം.
18. ശ്രീമതി. ധന്യ.കെ, അസി.എക്സി.എൻജിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ, എറണാകുളം.
19. ശ്രീ.കിഷോർ കുമാർ.ഇ.കെ, അസി. മാനേജർ, ബി.പി.സി.എൽ
20. ശ്രീ.കെ.ജി.രാജീവ് ഇ.ഒ, ബ്ലോക്ക് ഓഫീസർ, ഇടപ്പിള്ളി.
21. ശ്രീ.കിരൺ ജോയ്, പെട്രോനെറ്റ്, എൽ.എൻ.ജി. ലിമിറ്റഡ്.
22. ശ്രീമതി.ചിപ്പി ബോബി, പെട്രോനെറ്റ്, എൽ.എൻ.ജി. ലിമിറ്റഡ്.
23. ശ്രീ.രാമചന്ദ്രൻ.എ, ജിഡ, എറണാകുളം.
24. ശ്രീ.മാധവൻ, പെട്രോനെറ്റ്, എൽ.എൻ.ജി. ലിമിറ്റഡ്.
25. ക്യാപ്റ്റൻ.ജോസഫ് ആലപ്പാട്ട്, ഡെപ്യൂട്ടി കൺസർവേറ്റർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്.
26. ശ്രീ.ബിജോയ് മൈക്കിൾ.പി, സെക്രട്ടറി, എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്.
27. ശ്രീ.സേവ്യർ ജോബൻ, O/o ജോയിൻറ് ഡയറക്ടർ ഓഫ് ഫിഷറീസ്, എറണാകുളം.
28. ശ്രീ.സനീഷ്.പി, O/o ഡയറക്ടർ ഓഫ് ഫിഷറീസ്, എറണാകുളം.
29. ശ്രീ.നാസർ.എ.യു, പി.എ. ഓഫ് എം.എൽ.എ.
30. ശ്രീ.വിഷ്ണു.ആർ, സീനിയർ മാനേജർ, ഐ.ഒ.സി.എൽ

എറണാകുളം ജില്ലയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ആർ.എം.പി കനാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യോഗം രാവിലെ 9.30 ന് ആരംഭിച്ചു.

Scanned by CamScanner

ബഹു. വൈപ്പിൻ എം.എൽ.എ. ശ്രീ.എസ്.ശർമ്മ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ
സന്നിഹിതരായിരുന്നു. എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഏകദേശം 10.50 കിലോമീറ്റർ
നീളം വരുന്ന ആർ.എം.പി തോട് നിലവിൽ എക്കൽ, മറ്റ് മാലിന്യങ്ങൾ എന്നിവ നിറഞ്ഞ്
നീരൊഴുക്ക് സാധ്യമല്ലാത്ത രീതിയിൽ ആണെന്നും ആയതിനാൽ ടി തോടുമായി ബന്ധപ്പെട്ട്
കിടക്കുന്ന മത്സ്യകൃഷി നടന്നു വരുന്ന എല്ലാ പ്രദേശങ്ങളിലും മത്സ്യകൃഷി
സാധ്യമല്ലാതെയും വന്നിരിക്കുന്നുവെന്ന് ബഹു.എം.എൽ.എ ഉൾപ്പെടെയുള്ള
ജനപ്രതിനിധികൾ ബഹു.മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വർഷങ്ങൾക്കു മുൻപ്
ടി തോടിന് ഏകദേശം 40 മീറ്റർ വീതി ഉണ്ടായിരുന്നതായും എന്നാൽ നിലവിൽ പല
ഭാഗങ്ങളിലും 10 മുതൽ 12 മീറ്റർ വരെ മാത്രമേ വീതിയുള്ളൂ എന്നും
കെ.എസ്.സി.എ.ഡി.സി മാനേജിംഗ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ടി തോടിൻറെ
ആർ.എം.പി ചിറ മുതൽ 2 കിലോമീറ്റർ വരെയുള്ള ഭാഗം ആഴം കൂട്ടുന്ന പ്രവൃത്തി
(12.50 മീറ്റർ വീതിയിലും 1.5 മീറ്റർ മുതൽ 1.8 മീറ്റർ വരെ ആഴത്തിലും) ഇറിഗേഷൻ
വകുപ്പ് ഏറ്റെടുത്ത് ടെൻഡർ നടപടികൾ സ്വീകരിച്ച് കഴിഞ്ഞതായി ഇറിഗേഷൻ വകുപ്പ്
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ യോഗത്തിൽ അറിയിച്ചു. ആയതിനു
ശേഷമുള്ള ഏകദേശം 1 കിലോമീറ്ററിൽ താഴെയുള്ള ഭാഗം (വെൽബോ പാലം വരെ)
എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലും ആഴം കൂട്ടുന്നുണ്ട് എന്ന് എളംകുന്നപ്പുഴ ഗ്രാമ
പഞ്ചായത്ത് പ്രസിഡൻറ് യോഗത്തെ അറിയിക്കുകയുണ്ടായി. എന്നാൽ ഈ രണ്ട്
പ്രവൃത്തികളിലും തോടിൻറെ ഇരു വശങ്ങളും കെട്ടി സംരക്ഷിക്കുന്നതിനുള്ള
പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടില്ലായെന്ന് ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരും പഞ്ചായത്ത്
അധികൃതരും യോഗത്തിൽ അറിയിച്ചു. എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഏകദേശം
10.50 കിലോമീറ്റർ നീളം വരുന്ന ആർ.എം.പി കനാൽ പുനരുജ്ജീവിപ്പിക്കേണ്ടത്
പ്രദേശത്തിൻറെ മാലിന്യപ്രശ്നത്തിന് പരിഹാരമാകുന്നതിനും മത്സ്യകൃഷിയ്ക്കും
മത്സ്യകർഷകർക്കും അനിവാര്യമാണെന്നും പ്രദേശവാസികളുടെ അഭിപ്രായം കൂടി
കണക്കിലെടുത്തു കൊണ്ട് വിശദമായ ഡി.പി.ആർ തയ്യാറാക്കണമെന്ന് ബഹു. മന്ത്രി
നിർദ്ദേശിച്ചു. ഇതിനായി ഫിഷറീസ് വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, തദ്ദേശ
സ്വയം ഭരണ വകുപ്പ് പ്രതിനിധികൾ, ഇറിഗേഷൻ വകുപ്പ് പ്രതിനിധികൾ, ഐ.ഒ.സി.എൽ,
ബി.പി.സി.എൽ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കെ.എസ്.സി.എ.ഡി.സി. എന്നിവർ കൂട്ടായി
ചർച്ച ചെയ്ത് ഒരു വിശദമായ ഡി.പി.ആർ തയ്യാറാക്കണമെന്നും ആയതിൻറെ
ഏകോപനം തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹിക്കണമെന്നും ബഹു. മന്ത്രി
നിർദ്ദേശിച്ചു. ടി പദ്ധതിയ്ക്കാവശ്യമായ ഫണ്ട് സർക്കാരിൻറെ വിവിധ വകുപ്പുകൾ,
പോർട്ട് ട്രസ്റ്റ്, ഐ.ഒ.സി.എൽ, ബി.പി.സി.എൽ എന്നീ സ്ഥാപനങ്ങൾ മുഖേനയും
കണ്ടെത്തേണ്ടതായി വരുമെന്നും ബഹു. മന്ത്രി യോഗത്തിൽ അഭിപ്രായപ്പെട്ടു. വിവിധ
വകുപ്പുകളുടെ പ്രതിനിധികൾ, മറ്റ് സ്ഥാപനങ്ങളുടെ ഉന്നത ഉദ്യോഗസ്ഥർ,
ജനപ്രതിനിധികൾ എന്നിവർ ക്രിയാത്മകമായി ചർച്ചയിൽ പങ്കെടുത്തു. ചർച്ചകൾക്കു
ശേഷം യോഗത്തിൽ താഴെ പറയുന്ന തിരുമാനങ്ങൾ എടുത്തു.

**തിരുമാനങ്ങൾ**

1. വൈപ്പിൻ നിയോജക മണ്ഡലത്തിലെ എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഏകദേശം 10.50 കിലോമീറ്റർ നീളം വരുന്ന ആർ.എം.പി തോട് ഏറ്റവും കുറഞ്ഞത് 30 മീറ്റർ വീതിയിലും വേണ്ടത്ര നീരൊഴുക്ക് ലഭ്യമാകുന്ന രീതിയിലും ആഴം കൂട്ടുന്നതിന് തിരുമാനിച്ചു. 30 മീറ്റർ വീതിയിൽ തോട് പുനരുജ്ജീവിപ്പിക്കുമ്പോൾ മാറ്റി പാർപ്പിക്കേണ്ട ആളുകളുടെ പുനരധിവാസം ഉറപ്പാക്കുന്ന രീതിയിൽ ഡി.പി.ആർ തയ്യാറാക്കണം. ഇതിനായി തോടിൻറെ ആഴം കൂട്ടുമ്പോൾ ലഭ്യമായ മണ്ണ് സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളിൽ നിക്ഷേപിച്ച് പുനരധിവാസത്തിനായി ഉപയോഗിക്കേണ്ടതാണ്.

Scanned by CamScanner

(നടപടി: എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്, റവന്യൂ വകുപ്പ്, കെ.എസ്.സി.എ.ഡി.സി)

2. വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ചർച്ച ചെയ്ത് ഡി.പി.ആർ തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കുന്നതിനായി കെ.എസ്.സി.എ.ഡി.സി മാനേജിംഗ് ഡയറക്ടർ കൺവീനറായും ഇറിഗേഷൻ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് (ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർ), ഫിഷറീസ് വകുപ്പ്, ഹാർബർ എൻജിനിയറിംഗ് വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ബി.പി.സി.എൽ, ഗോശ്രീ ഡെവലപ്മെൻറ് അതോറിറ്റി, ജില്ലാ കളക്ടർ എന്നിവയുടെ പ്രതിനിധികൾ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി ചർച്ച ചെയ്ത് സ്ഥല സന്ദർശനം നടത്തി പ്രദേശവാസികളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് വിശദമായ കരട് ഡി.പി.ആർ ഒക്ടോബർ മാസം അവസാനത്തോടെ തയ്യാറാക്കേണ്ടതും ജനപ്രതിനിധികൾ മറ്റ് ബന്ധപ്പെട്ടവർ എന്നിവരുമായി ചർച്ച നടത്തി നവംബർ മാസത്തോടെ ഡി.പി.ആർ അന്തിമമാക്കേണ്ടതുമാണ്.

(നടപടി: കെ.എസ്.സി.എ.ഡി.സി, ഇറിഗേഷൻ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് (ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർ), ഫിഷറീസ് വകുപ്പ്, ഹാർബർ എൻജിനിയറിംഗ് വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ബി.പി.സി.എൽ, ഗോശ്രീ ഡെവലപ്മെൻറ് അതോറിറ്റി, ജില്ലാ കളക്ടർ)

3. ആർ.എം.പി തോട് 30 മീറ്റർ വീതിയിൽ മാറ്റി പാർപ്പിക്കേണ്ട ആളുകളെ സംബന്ധിച്ച സർവ്വേ എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിലേയ്ക്കായി നൽകേണ്ടതാണ്.

(നടപടി: എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്)

4. തോട് പുനരുജ്ജീവിപ്പിക്കുമ്പോൾ ലഭ്യമായ മണ്ണ് നിക്ഷേപിക്കേണ്ട സ്ഥലം ഗ്രാമ പഞ്ചായത്തും റവന്യൂ വകുപ്പും കണ്ടെത്തേണ്ടതും ആയത് മാറ്റി പാർപ്പിക്കേണ്ടവരുടെ പുനരധിവാസത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

(നടപടി: എളംകുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്, റവന്യൂ വകുപ്പ്)

5. ഇതുമായി ബന്ധപ്പെട്ട് അടുത്ത അവലോകന യോഗം 2019 സെപ്റ്റംബർ മാസം അവസാനത്തോടെ നടത്തുവാൻ തീരുമാനിച്ചു.

(നടപടി: കെ.എസ്.സി.എ.ഡി.സി)

6. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടിയ്ക്ക് ആവശ്യമായ തുക ഹാർബർ എൻജിനിയറിംഗ് വകുപ്പ് അന്വേഷണ-ഗവേഷണങ്ങൾക്കുള്ള ഫണ്ടിൽ വകയിരുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.

(നടപടി: ഹാർബർ എൻജിനിയറിംഗ് വകുപ്പ്)

7. ഈ പദ്ധതിയ്ക്കാവശ്യമായ തുക വിവിധ വകുപ്പുകളെ എക്കോപിപ്പിച്ചുകൊണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ചു. ഈ തുകയിൽ സംസ്ഥാന വകുപ്പുകൾക്ക് പുറമേ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ബി.പി.സി.എൽ എന്നി

പൊതുമേഖലാ സ്ഥാപനങ്ങൾ ഭാഗഭാക്കാകുന്നതാണെന്നും തീരുമാനിച്ചു. ആയതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് കെ.എസ്.സി.എ.ഡി.സി മുൻകൈ എടുത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: സംസ്ഥാന വകുപ്പുകൾ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ബി.പി.സി.എൽ, കെ.എസ്.സി.എ.ഡി.സി)

യോഗം 11 മണിയ്ക്ക് അവസാനിച്ചു.

S/d

ഫിഷറീസ്, ഹാർബർ എൻജിനീയറിംഗ്,

കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി

APPROVED FOR ISSUE

MANAGING DIRECTOR, KSCADC.

Scanned by CamScanner

# <u>അനുബന്ധം 2</u>

**<u>പുതുവൈപ്പിൻ -തെക്കേക്കടവ് ആൾട്ടർനേറ്റീവ് ഫിഷ് ലാന്റിംഗ് സെന്റർ, ആർ.എം.പി. തോട് പുനരുജ്ജീവനം എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യാനായി 23.06.2023 ഫിഷറീസ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്സ്</u>**

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീമതി ശ്രീലു എൻ.എസ്., ഫിഷറീസ് അഡീഷണൽ ഡയറക്ടർ
2. ശ്രീ.ടി.വി.ബാലകൃഷ്ണൻ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
3. ശ്രീ.അനിൽകുമാർ എസ്., ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ
4. ശ്രീമതി ബീന സുകുമാർ, പ്രോജക്ട് മാനേജർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
5. ശ്രീമതി ജയശ്രീ എം., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
6. ശ്രീ.ഷിബു കെ.ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

യോഗം 3.30 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരെ ഫിഷറീസ് ഡയറക്ടർ സ്വാഗതം ചെയ്തു. പുതുവൈപ്പിൻ -തെക്കേക്കടവ് ആൾട്ടർനേറ്റീവ് ഫിഷ് ലാന്റിംഗ് സെന്റർ, ആർ.എം.പി. തോട് പുനരുജ്ജീവന പദ്ധതികളുടെ നിലവിലെ സ്ഥിതി ഫിഷറീസ് ഡയറക്ടർ ആമുഖമായി സൂചിപ്പിച്ചു. ആർ.എം.പി. തോടിന്റെ ആഴം കൂട്ടൽ പദ്ധതി മൈനർ/ മേജർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതായി സൂചനകൾ ഉണ്ടെന്നും ഫിഷറീസ് ഡയറക്ടർ അറിയിച്ചു. തുടർന്ന് യോഗത്തിൽ പങ്കെടുത്തവർ വിഷയത്തിൽ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

RMP തോടിന്റെ ആഴംകൂട്ടൽ പ്രവർത്തി FIDF പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാന്റ് സർവ്വേക്കായി 3.5 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നെങ്കിലും ആയതിന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല എന്ന് ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അഭിപ്രായപ്പെടുകയും പ്രസ്തുത പ്രവർത്തി ആസ്തി വികസന പദ്ധതി അല്ലാത്തതിനാൽ FIDF ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിലവിൽ സാങ്കേതിക പ്രയാസങ്ങളുണ്ട് എന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പി.എം.ഇ.) അഭിപ്രായപ്പെടുകയും ചെയ്തു.

*തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനം യോഗം കൈകൊണ്ടു.*

***<u>തീരുമാനം</u>***

'RMP തോട് ആഴം കൂട്ടൽ പ്രവർത്തി' മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്തുണ്ടോ എന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ടു പരിശോധിച്ച് ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദേശിച്ചു.

(നടപടി – കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ )

I/62858/2023

*യോഗം വൈകിട്ട് 4 മണിക്ക് അവസാനിച്ചു.*

Signed by
Adeela Abdulla Ias
Date: 19-07-2023 15:15:10

ADEELA ABDULLA IAS
DIRECTOR OF FISHERIES